015723

**കേരള സർക്കാർ**

സംഗ്രഹം

വ്യവസായ വകുപ്പ് - എംബ്രോയിഡറി തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ **പരിഹരിക്കുന്നതിനുള്ള** പദ്ധതിയുടെ നടത്തിപ്പിനായുള്ള മാർഗ്ഗ **നിർദ്ദേശങ്ങൾ നൽകി** - **ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**വ്യവസായ (കെ) വകുപ്പ്**

**സ.ഉ(സാധാ) നം. 633/13/വ്യവ.** **തീയതി, തിരുവനന്തപുരം,** 09/05/2013.

---

**പരാമർശം:- (1) കേരള സ്റ്റേറ്റ് എംബ്രോയിഡറി തൊഴിലാളി യൂണിയൻ ജനറൽ** സെക്രട്ടറിയുടെ 12.12.2006, 24.6.2008 എന്നീ തീയതികളിലെ കത്തുകൾ.

(2) 23.6.2008-ലെ ഡി.ഒ. നം.എച്ച്.ഡി.സി.കെ./പി.ആന്റ് എ(പ്രോജക്റ്റ്)20-08-09/1033 നമ്പർ എം.ഡി, HDCK യുടെ കത്ത്.

(3) 2.11.2010-ലെ ഡബ്ല്യൂ1/3055/09 നമ്പർ വ്യവസായ വാണിജ്യ ഡയറക്ടറുടെ കത്ത്.

**<u>ഉത്തരവ്</u>**

എംബ്രോയിഡറി തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം മാനേജർ തൊഴിലാളി യൂണിയനുകളുമായി നടത്തിയ ചർച്ചയിൽ എംബ്രോയിഡറി ഉല്പന്നങ്ങളുടെ വില്പനയ്ക്ക് റിബേറ്റ് അനുവദിക്കുവാൻ സർക്കാരിനോട് പരാമർശം ഒന്നിലെ കത്ത് പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. പരാമർശം 2-ലെ കത്ത് **പ്രകാരം** കേരള കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് **ഡയറക്ടർ** സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു പ്രൊപ്പോസൽ പരാമർശം (3) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ സമർപ്പിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും എംബ്രോയിഡറി തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താഴെക്കൊടുത്തിരിക്കുന്ന പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(എ) എംബ്രോയിഡറി യൂണിറ്റുകൾക്ക് വ്യവസായ പ്രദർശനങ്ങളിൽ

പങ്കെടുക്കുന്നതിന് ഊർജ്ജിത സമഗ്ര വ്യവസായവൽക്കരണ പരിപാടി (IIP) യിൽ ഉൾപ്പെടുത്തി 2851-00-001-93 എന്ന ശീർഷകത്തിൽ ധനസഹായം നൽകാവുന്നതാണ്.

**(ബി) പദ്ധതിയുടെ നടത്തിപ്പിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.**

1. ദേശീയ അന്തർദേശീയ എക്സിബിഷനുകളിൽ പങ്കെടുക്കുന്ന എംബ്രോയിഡറി യൂണിറ്റുകൾക്ക് ചെലവാകുന്ന തുകയുടെ 50% പരമാവധി 25,000/- രൂപയും പ്രദർശന മേളകളിൽ യൂണിറ്റിന്റെ മൊത്തം വിറ്റുവരവിന്റെ 10% പരമാവധി 15000/- രൂപയും ധനസഹായമായി നൽകാവുന്നതാണ്. സംസ്ഥാന **ജില്ലാതല** പ്രദർശന **വിൽപ്പനമേളകളിൽ** പങ്കെടുക്കുന്ന **യൂണിറ്റുകൾക്ക് ചെലവാകുന്ന തുകയുടെ 50% പരമാവധി 15000/- രൂപയും പ്രദർശന മേളകളിൽ യൂണിറ്റിന്റെ മൊത്തം വിറ്റുവരവിന്റെ 10% പരമാവധി 10,000/- രൂപയും ധനസഹായമായി നൽകാവുന്നതാണ്.**
2. എംബ്രോയിഡറി യൂണിറ്റുകൾ ഉല്പാദിപ്പിച്ച് പ്രദർശന മേളയിലൂടെ വില്പന നടത്തുന്നതിലൂടെ ലഭിക്കുന്ന മൊത്തം വിറ്റ് വരവാണ് കണക്കിലെടുക്കേണ്ടത്.
3. വനിത, പട്ടികജാതി, [illegible] വിഭാഗത്തിലുൾപ്പെട്ടവർ നടത്തുന്ന എംബ്രോയിഡറി യൂണിറ്റുകൾക്കായി പരീക്ഷണാടിസ്ഥാനത്തിൽ ഈ വിപണന ധനസഹായ പദ്ധതി നടപ്പിലാക്കുന്നതാണ് അഭികാമ്യം.
4. എക്സിബിഷൻ സംബന്ധിച്ച് ഉണ്ടാകുന്ന താഴെപ്പറയുന്ന ചെലവുകളുടെ 50% ഈ ഇനത്തിൽ നൽകാവുന്നതാണ്.

i) ഒരു യൂണിറ്റിൽ നിന്നും ഒരാൾക്ക് പ്രദർശന വില്പന മേളകളിൽ പങ്കെടുക്കുന്നതിനും തിരികെയും ഉള്ള യാത്രാക്കൂലി.

ii) പ്രദർശന വസ്തുക്കൾ കൊണ്ടുപോകുന്നതിനും തിരികെ കൊണ്ടുവരുന്നതിനും ചെലവാകുന്ന തുക.

iii) സ്റ്റാൾ വാടക.

5. IEM Part II ഫയൽ ചെയ്തിട്ടുള്ള യൂണിറ്റുകൾക്കായിരിക്കും ധനസഹായം നൽകുക.

6. പ്രദർശന മേളകളിൽ പങ്കെടുക്കുന്ന യൂണിറ്റുകൾ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണം.

7. ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി പ്രദർശനങ്ങളിൽ പങ്കെടുത്തശേഷം ഇതു സംബന്ധിച്ച ബില്ലുകളും വൗച്ചറുകളും യൂണിറ്റുകൾ സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.എസ്. ശ്രീനിവാസ്

സെക്രട്ടറി

✓വ്യവസായ വാണിജ്യ ഡയറക്ടർ.

എം.ഡി, കേരള കരകൗശല വികസന കോർപ്പറേഷൻ, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്)/എ & ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(U.O.No. 4743/Ind&PW.A3/12/Fin. Dated 24.7.2012).

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (U.O.No. 14729/A2/11/Plg.. dated 19.10.2011).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ

പകർപ്പ്:- വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്.

Endt : No. W1/15723/13 : dtd 18/12/13

Copy communicated to all GM's, Vyavasayakeralam, Website, TC wing and all officers in the DI&C for information.

Sd/-
For DI&C

Copy To,

Website